**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 143** **12-09-2023 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളിൽ ഓൺലൈൻ പരീക്ഷ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ. എം. സച്ചിൻദേവ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സർവ്വകലാശാല പരീക്ഷ നടപടികൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി പ്രത്യേക പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട് .പരീക്ഷാ പരിഷ്കരണം സംബന്ധിച്ച് സർക്കാർ നിയോഗിച്ച ഡോ. സി.റ്റി.അരവിന്ദകുമാർ കമ്മീഷൻ പഠനം നടത്തുകയും താഴെപ്പറയുന്ന പ്രധാന ശുപാർശകൾ നൽകുകയും ചെയ്തിട്ടുണ്ട് .<br><br>1.അക്കാദമിക്/എക്സാമിനേഷൻ/അഡ്മിനിസ്ട്രേഷൻ ഉൾപ്പെടുന്ന എല്ലാ പ്രവർത്തനങ്ങൾക്കും ഇആർപി (ERP) അടിസ്ഥാനമാക്കിയുള്ള ഒരു സമ്പൂർണ്ണ യൂണിവേഴ്സിറ്റി റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം (URP) വികസിപ്പിക്കുകയും നടപ്പിലാക്കുകയും വേണം .<br><br>2.എല്ലാ സർവ്വകലാശാലകളും ഡിജിറ്റൽ ചോദ്യബാങ്കും, ഓൺലൈൻ ചോദ്യപേപ്പർ കൈമാറ്റവും നടപ്പിലാക്കേണ്ടതാണ്.<br><br>3.സർവ്വകലാശാലകളിലെ പരമ്പരാഗത മൂല്യനിർണ്ണയ സംവിധാനങ്ങൾ പുനഃക്രമീകരിക്കേണ്ടതുണ്ട്. ഉത്തര സ്ക്രിപ്റ്റുകളുടെ ഐഡന്റിറ്റി മറയ്ക്കുന്നതിന് ഫോൾസ് നമ്പറിംഗില്ലാതെ, ഉത്തര സ്ക്രിപ്റ്റുകളുടെ കൂടുതൽ കാര്യക്ഷമമായ മാനേജ്മെന്റിനായി ബാർകോഡുകളോ ക്യൂആർ കോഡുകളോ നടപ്പിലാക്കാവുന്നതാണ്.മൂല്യനിർണ്ണയം കഴിഞ്ഞ് മാർക്കുകൾ /ഗ്രേഡുകൾ സർവ്വകലാശാലാ വെബ്പോർട്ടലിലേക്ക് നേരിട്ട് അപ് ലോഡ് ചെയ്യാൻ വ്യവസ്ഥ ചെയ്യാവുന്നതാണ്. |
| (ബി) | ഓൺലൈൻ സംവിധാനത്തിലൂടെ എന്തൊക്കെ മാറ്റങ്ങളാണ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പരീക്ഷ നടത്തിപ്പിലും, മൂല്യനിർണ്ണയത്തിലും, ഫലപ്രഖ്യാപനത്തിലും വരുന്ന കാലതാമസം ഓൺലൈൻ സംവിധാനത്തിലൂടെ ഒഴിവാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു . |
| (സി) | സംസ്ഥാനത്തെ ഏതെങ്കിലും സർവ്വകലാശാലയിൽ പ്രത്യേക ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ | (സി) | മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ള ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം |

| | | | |
|---|---|---|---|
| | ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ ഭാവി വികസന പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | | പ്രോഗ്രാമ്സിൽ(DASP) ഒരേ സമയം 100 വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതാവുന്ന രീതിയിൽ ഒരു ഓൺലൈൻ പരീക്ഷാ കേന്ദ്രം സജ്ജീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ